"ഭരണഭാഷ - മാതൃ ഭാഷ"

നമ്പർ. ഐസിഡിഎസ്/ബി6-1980/14

സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 5-4-2014

## സർക്കുലർ

വിഷയം : സാമൂഹ്യനീതി വകുപ്പ് - അംഗൻവാടികളിലെ വിവിധ ആഘോഷങ്ങൾ - സംബന്ധിച്ച്.

സൂചന : പയ്യന്നൂർ ശിശു വികസന പദ്ധതി ഓഫീസറുടെ 2-2-14-ലെ A2-85/14 നമ്പർ കത്ത്.

സ്വാതന്ത്ര്യ ദിനം, റിപ്പബ്ലിക്ദിനം, ശിശുദിനം, ഗാന്ധിജയന്തി തുടങ്ങിയ ദിവസങ്ങളിൽ അങ്കണവാടികളിൽ കുഞ്ഞുങ്ങൾക്കായി ആഘോഷ പരിപാടികൾ സംഘടിപ്പിക്കുവാനും അത്തരം ദിവസങ്ങൾ അങ്കണവാടി പ്രവർത്തകരെ സംബന്ധിച്ചിടത്തോളം പ്രവർത്തി ദിവസങ്ങളാണെന്നും ഈ കാര്യാലയത്തിൽ നിന്നും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ ദിവസങ്ങളിൽ സ്ഥിരമായി ചില അംഗൻവാടികൾ തുറക്കാറില്ലെന്ന് അറിയിപ്പുകൾ ലഭിക്കുന്നുണ്ട്. കൂടാതെ മേലധികാരികളുടെ നിർദ്ദേശങ്ങൾ പാലിക്കാതെ ചില സംഘടനകളുടെ തീരുമാനങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്ന പ്രവർത്തനങ്ങൾ ചില അങ്കണവാടി പ്രവർത്തകരിൽ കണ്ടുവരുന്നു.

ആയതിനാൽ ടി ആഘോഷദിനങ്ങൾക്കു മുമ്പുള്ള പ്രോജക്ട് ലെവൽമീറ്റിംഗുകളിൽ വച്ച് ഈ ദിനങ്ങൾ എങ്ങനെ ആഘോഷിക്കണമെന്ന് വ്യക്തമായ നിർദ്ദേശം എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും നൽകേണ്ടതും അത് മിനിട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരം ആഘോഷ ദിവസങ്ങളിൽ നിർദ്ദേശാനുസരണം അങ്കണവാടികൾ പ്രവർത്തിപ്പിക്കാത്ത പ്രവർത്തകരുടെ ഒരു ദിവസത്തെ ഹോണറേറിയം കുറവു ചെയ്യുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നറിയിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

1) എല്ലാ ശിശു വികസന പദ്ധതിഓഫീസർമാർക്കും
2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.